## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4714 — 28.6.2013-ൽ മറുപടിക്ക്

### ഉറവിട മാലിന്യ സംസ്കരണം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) ഗ്രാമപഞ്ചായത്തുകളിൽ ഉറവിട മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ലഘുവായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ട് പദ്ധതികളാവിഷ്കരിക്കുന്നതിന് മുൻഗണന നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ നിർദ്ദേശം നൽകുമോ ; | എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഉറവിട മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാദേശികമായി പ്രചാരത്തിലുള്ള ലഘു സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള സംസ്ക്കരണ പദ്ധതികൾക്ക് സർക്കാർ തലത്തിലുള്ള വിദഗ്ധസമിതിയുടെ ശുപാർശ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ആയതിലുൾപ്പെട്ട പദ്ധതികൾക്ക് 20.09.2012-ലെ സ.ഉ(എം.എസ്)നം. 239/2012/തസ്വഭവ പ്രകാരം യൂണിറ്റ് നിരക്കുകൾ അംഗീകരിച്ച് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| ബി) ഇതിന് കേന്ദ്ര-സംസ്ഥാന തദ്ദേശ സ്ഥാപനങ്ങളുടെ സബ്സിഡി നിലവിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ഉറവിട മാലിന്യ സംസ്കരണ പദ്ധതിയിലുൾപ്പെട്ട കമ്പോസ്റ്റിംഗ് സംവിധാനങ്ങൾക്ക് 90% വരെയും (75% സർക്കാർ വിഹിതം + 15% തസ്വഭവ വിഹിതം) ബയോ ഗ്യാസ് പ്ലാന്റുകൾക്ക് 75% വരെയും (50% സർക്കാർ വിഹിതം + 25% തസ്വഭവ വിഹിതം) സബ്സിഡിയായി നൽകിവരുന്നു. |
| സി) ഗ്രാമപഞ്ചായത്തുകളെ ഇത്തരം സാങ്കേതിക വിദ്യകളിൽ സഹായിക്കുവാൻ ഏതെങ്കിലും സർക്കാർ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ? | സി) ഗ്രാമപഞ്ചായത്തുകളിൽ ഉറവിട മാലിന്യ സംസ്ക്കരണം ഉൾപ്പെടെയുള്ള മാലിന്യ സംസ്ക്കരണ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും അവയുടെ നിർവ്വഹണത്തിലേക്കുമായി 83 സർവ്വീസ് പ്രൊവൈഡർമാരെയും 3 അക്രെഡിറ്റഡ് ഏജൻസികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ